## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *537 | 26.03.2018-ൽ മറുപടിയ്ക്ക്

### ഭൂനിയമങ്ങളിൽ ഭേദഗതി

ചോദ്യം:

ശ്രീ.അനൂപ് ജേക്കബ്
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, പി.ടി. തോമസ്
,, വി.പി.സജീന്ദ്രൻ

മറുപടി:

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) ഭൂനിയമങ്ങളിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് കൊണ്ടു വരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതികൾ വരുത്തികൊണ്ട് പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1964 ലെ Kerala Land Assignment ചട്ടങ്ങളിൽ 17/08/2017 ലെ GO(P) 60/17/RD പ്രകാരവും 02/02/2018 ലെ GO(P)7/2018/RD പ്രകാരവും മാറ്റം വരുത്തിയിട്ടുണ്ട്. 1993-ലെ KLA ( Regularisation of occupations of Forest Lands prior to 01-01-1977) Special Rules ൽ പ്രസ്തുത ചട്ട പ്രകാരം ഭൂമി പതിച്ച് കിട്ടുന്ന കർഷകർക്ക് അവർ വച്ച് പിടിപ്പിക്കുന്ന മരം (ചന്ദനം ഒഴികെയുള്ളവ) കർഷകർക്ക് തന്നെ മുറിയ്ക്കാൻ കഴിയുന്ന തരത്തിൽ വ്യവസ്ഥ കൊണ്ടു വരുന്ന കാര്യം പരിശോധിച്ച് വരുന്നുണ്ട്.

കൃഷി ആവശ്യത്തിനും വീട് വയ്ക്കുന്നതിനുമായി പതിച്ചു കൊടുത്തിട്ടുള്ള പട്ടയ ഭൂമിയിൽ വാണിജ്യ ആവശ്യങ്ങൾക്ക് കെട്ടിടം പണിത കേസുകളിൽ ഒരു പരിധി വരെയുള്ള നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഭേദഗതി 1964- ലെ ഭൂമി പതിവ് ചട്ടങ്ങളിൽ കൊണ്ടുവരുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച ഭൂമി മുറിച്ചു വിൽക്കുന്നത് നിയന്ത്രിക്കുന്നതിനായി, ഭൂമി വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ല ഭൂമി ഉപയോഗിക്കുന്നതെങ്കിൽ ടി ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് പല തരത്തിൽ ഭൂമി കയ്യേറിവച്ചിരിക്കുന്നത് ഒഴിപ്പിക്കുന്നതിന് കൂടുതൽ ശക്തമായ നിയമ നിർമ്മാണം എന്ന നിലയിൽ കേരള ലാന്റ് ഗ്രാബിംഗ് ബിൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭൂമിയിലെ മെറ്റൽസും, മിനറൽസും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്.

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കുന്ന ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) പ്രസ്തുത ഡാറ്റാ ബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ അതിന്മേൽ അപ്പീൽ നൽകുന്നതിന് അവസരമുണ്ടാകുമോ; ഇല്ലെങ്കിൽ അപ്രകാരമുള്ള ഒരു അപ്പീൽ സാധ്യത നിയമത്തിൽ ഉൾപ്പെടുത്തുമോ;

(സി) പ്രസിദ്ധീകരിച്ചു കഴിഞ്ഞതും കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ ഭൂമികളെ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ ആയതു തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകികൊണ്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 30/05/2017-ലെ 301/2017 നമ്പർ SRO പ്രകാരം ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ലഭിച്ച അപ്പീൽ അപേക്ഷകൾ കൂടി തീർപ്പാക്കി പുതുക്കിയ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ൽ നിലവിൽ വന്ന പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ട്.

(ഇ) കൃഷി ഭൂമി വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ഭൂനിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്ന

(ഇ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് 2017 പ്രകാരം കൃഷിഭൂമിയുടെ പരിവർത്തന

| | |
|---|---|
| കാര്യം സർക്കാരിന്റെ പരിഗണനയി ലുണ്ടോ; വിശദമാക്കുമോ? | പ്പെടുത്തലോ, രൂപാന്തരപെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെ ങ്കിൽ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷി ഏതെങ്കിലും ഉണ്ടെങ്കിൽ അതിനേയോ അതിലേക്കുള്ള സുഗമമായ നീരൊഴിക്കിനേയോ ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ള പക്ഷം കൃഷിഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ